ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 70 ബസ്സുകൾ.

(ബി) ഈയാണ്ടത്തെ വരുമാനം കുറവാണു്.

(സി) ഈരണ്ടുകാലും 7133.07 രൂപ കുറവുണ്ടു്.

(ഡി) കൊല്ലം ജില്ലയിൽനിന്നും 1962-ൽ 83,172.25 രൂപയും. 1963-ൽ 79,039.03 രൂപയും ലഭിച്ചു.

ആലപ്പുഴ ജില്ലയിൽനിന്നും 1962-ൽ 11,213.10 രൂപയും. 1963-ൽ 8,213.30 രൂപയും ലഭിച്ചു.

റീജിയണൽ ആഫീസുകൾ

* 526. [10] ശ്രീ. എം. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളിൽ ഇപ്പോഴും റീജിയണൽ ആഫീസും ആഫീസറന്മാരുമുണ്ടു്;

(ബി) 1960-നുശേഷം പുതുതായി ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ റീജിയണൽ ആഫീസറന്മാരുടെ തസ്തിക സൃഷ്ടിച്ചു; ഏതിലെല്ലാം നിർത്തൽ ചെയ്തു;

(സി) റീജിയണൽ ആഫീസുകളെ സംബന്ധിച്ചു് എന്തെങ്കിലും പൊതുനയം ഗവണ്മെൻറിനുണ്ടോ; ഉണ്ടെങ്കിൽ അതു് എന്താണു്;

(ഡി) നിലവിലുള്ള എല്ലാ റീജിയണൽ ആഫീസുകളുടെയും പ്രവർത്തനം തൃപ്തികരമാണോ;

(ഈ) അതിനായി കാര്യക്ഷമത കൂട്ടാനും കാലതാമസം കുറയ്ക്കാനും അവ സഹായകമായിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) പതിനെട്ടു് ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളിൽ ഇപ്പോഴും റീജിയണൽ ആഫീസുകളും ആഫീസറന്മാരുമുണ്ടു്.

(ബി) 1960-നുശേഷം ഫിഷറീസു്, സോയിൽകൺസർവേഷൻ ഡയറി ഡവലപ്പുമെൻറു് സഹകരണം, പോലീസു്, വിദ്യാഭ്യാസം, സപ്ലൈ ആൻറു് ലാൻഡു് റെക്കാർഡ്സു്, ഇൻസ്പെക്ടർ ഓഫു് ഫാക്ടറീസു്, നാഷണൽ എംപ്ലോയ്മെൻറു് സർവ്വീസു് എന്നീ ഡിപ്പാർട്ടുമെൻറുകളിൽ റീജിയണൽ ആഫീസറന്മാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടു്. ഈ കാലയളവിൽ ഫയർ സർവ്വീസു് വകുപ്പിൽ ആകെയുള്ള മൂന്നിൽ ഒരു റീജിയണൽ ആഫീസറുടെ തസ്തികയും പൊതുജനാരോഗ്യവകുപ്പു്, നാട്ടുചികിത്സാവകുപ്പു് എന്നിവയിൽ എല്ലാ റീജിയണൽ ആഫീസറന്മാരുടെ തസ്തികകളും നിറുത്തലാക്കിയിട്ടുണ്ടു്.

(സി) റീജിയണൽ ആഫീസുകളെസംബന്ധിച്ച പ്രത്യേക പൊതുനയമൊന്നുമില്ല. ഓരോ ഡിപ്പാർട്ടുമെൻറിൻറെയും പ്രത്യേകത അനുസരിച്ചു് ഭരണക്രമം ശുപീകരിക്കുക എന്നതാണു് ഗവണ്മെൻറിൻറെ നയം.

(ഡി) പൊതുവെ തൃപ്തികരമാണു്.

(ഈ) ഉണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: പൊതുവെ തൃപ്തികരമാണെങ്കിൽ ഈ ചിലതു് നിർത്താനും, ചിലതു് പുതിയതായി സൃഷ്ടിക്കാനും കാരണമെന്താണു്?

ശ്രീ. ആർ. ശങ്കർ : ചിലതു് നിറുത്തിയിട്ടുള്ളതു് രണ്ടുതന്നെയുള്ളൂ. അതു മാത്രമാണു്. ഈ 18 എണ്ണത്തിൽ അതു വലിയ പ്രയോജനമില്ലെന്നുകണ്ടു. അതുകൊണ്ടാണു് പൊതുവെ തൃപ്തികരമെന്നു പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഈ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് പുറമെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറന്മാരെക്കൂടി നിയമിച്ചിട്ടുള്ളതുകൊണ്ട് എഡ്യൂക്കേഷനെസംബന്ധിച്ചിടത്തോളം അജഗളസ്തനംപോലെയാണെന്നും അതുകൊണ്ട് ആ സ്ഥാനങ്ങളും നിറുത്തലാക്കേണ്ടതാണെന്നും ഗവണ്മെൻറിന് അഭിപ്രായമുണ്ടോ ?

ശ്രീ. ആർ. ശങ്കർ: അതെപ്പറ്റിയെല്ലാം ഒരു സ്പെഷ്യലാഫീസർ പഠിച്ചു വരുന്നുണ്ടെന്നുള്ള വിവരം ഞാനിവിടെ പ്രസ്താവിച്ചിട്ടുണ്ട്. അവിടെ റീജിയണൽ ഡെപ്യൂട്ടിഡയറക്ടറുടെ ഉദ്യോഗം അജഗളസ്തനമാണെന്നു തോന്നുന്നില്ല എന്നുള്ളതാണ് ചിലർക്കുള്ള അഭിപ്രായം. ചിലർക്ക് അതുകൊണ്ടു കൂടുതൽ കാലതാമസമേ ഉണ്ടാകുന്നുള്ളൂ എന്ന അഭിപ്രായമുണ്ട്. ഏതായാലും അതെപ്പറ്റി കൂലങ്കഷമായി പരിശോധിച്ച് അതു തുടരുന്നതിൽ വല്ലതടസ്സവും ഉണ്ടോ എന്നു നോക്കി അതു നിറുത്തലാക്കണമെന്നുണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഈ അപ്പീലിനെ സംബന്ധിച്ചും മറ്റും ചില സൗകര്യങ്ങൾ ചെയ്യുന്നതിനു ഈ വലിയ ഒരു ഡിപ്പാർട്ടുമെൻറിൽ എന്തെങ്കിലും ഒരു ഏർപ്പാടുകൂടി വേണമെന്നുതോന്നുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ റീജിയണൽ ഓഫീസുകൾ സ്ഥാപിച്ചതിനുശേഷം അവിടെ കാര്യക്ഷമത കുറയുന്നുവെന്നും, കാലതാമസം ഉണ്ടാകുന്നുവെന്നും, ജനങ്ങൾക്ക് ഉപദ്രവം കൂടുന്നുവെന്നും ജനസമുദായങ്ങൾക്കിടയിൽ അഭിപ്രായമുണ്ടെന്നുള്ളതു ഞാൻ ഗവണ്മെൻറിനെ അറിയിക്കുന്നതുകൊണ്ട് അവിടെ ജോലികൾ വേഗം നടത്തുന്നതിനുവേണ്ടി വിധം എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : അവിടെ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ചില നടപടികളൊക്കെ എടുത്തിട്ടുണ്ട്. അവിടെ എ. ഇ. ഒ, ഡി. ഇ. ഒ., ആർ. ഡി. ഡി. ഈ ഓഫീസുകളിൽ ചെയ്യേണ്ട ജോലികൾ ഇന്നതെല്ലാമാണെന്നും മറ്റും ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇനിയും ആവശ്യമുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഇന്നു് അദ്ധ്യാപകന്മാരുടെ ഇടയിലുള്ള പരാതികളിൽ അതായതു്, സ്റ്റാഫ് ഫിക്സേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഡി. ഇ. ഒ. യുടെ തീരുമാനത്തിനു് അപ്പുറമുള്ള അപ്പീൽ കേൾക്കുന്നതിനു് നേരത്തെ ഡയറക്ടറാക്കാണു് അധികാരമുണ്ടായിരുന്നതു്. എന്നാൽ ഇപ്പോൾ അതുമാറ്റി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറാക്കാണു് ആ അധികാരം കൊടുത്തിരിക്കുന്നതു്. അപ്പോൾ ഫലത്തിൽ ഡി ഇ. ഒ. യുടെ തീരുമാനത്തിനെതിരായിട്ടാണു് റീജിയണൽ ഡെപ്യൂട്ടിഡയറക്ടർ തീരുമാനം എടുത്തുവരുന്നതു് എന്നുള്ളതുകൊണ്ടു് ഈ കാര്യം പരിഗണിച്ചു് ഈ ബാട്ടിൽനെക്കു് ഒന്നു് എടുത്തുകളയുവാൻ ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ: സ്റ്റാഫ് ഫിക്സേഷനെ സംബന്ധിച്ചുള്ള അപ്പീലുകൾ കേൾക്കുന്നതിനുള്ള അധികാരം ഇന്നു് റീജിയണൽ ഡെപ്യൂട്ടിഡയറക്ടർക്കു് കൊടുത്തിട്ടുണ്ടു്. അതു് ഡയറക്ടർക്കു് ഉണ്ടായിരുന്ന അധികാരമാണു്. ആർ. ഡി. ഡി. അതിനൊരു തീരുമാനം എടുത്തുകഴിഞ്ഞാൽ പിന്നെ ഡയറക്ടർക്കു് ഒരു തീരുമാനമെടുക്കാൻ അവകാശമില്ല. എന്തുകൊണ്ടെന്നാൽ വളരെ ഭാരിച്ച ജോലികളാണു് ഡയറക്ടറാക്കുള്ളതു്. ഈ സംസ്ഥാനത്തു് അനേകായിരം സ്കൂളുകളുണ്ടു്. അപ്പോൾ ഈ അപ്പീലുകളെല്ലാംകൂടി കേൾക്കാനുള്ള അധികാരം ഡയറക്ടറാക്കു് വച്ചാൽ അതു് അദ്ദേഹത്തെക്കൊണ്ടു നടത്താൻ പ്രയാസമായിരിക്കുമെന്ന കരുതിയാണു്. അതുകൊണ്ടു് മുന്നുപേരെ അതിലേക്കു് വയ്ക്കുന്നതു് സഹായകമായിരിക്കുമെന്നുവിചാരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലുള്ള ആർ. ഡി. ഡി. യുടെ തസ്തിക ആവശ്യമുള്ളതാണോ, അതോ അജാഗളസ്തന മാണോ എന്നു ഈ ഡിപ്പാർട്ടുമെന്റിനെപ്പറ്റിമാത്രമാണോ ഈ സ്പെഷ്യൽ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തുന്നതു? അതോ, മറ്റു ഡിപ്പാർട്ടുമെന്റുകളുടെ റീജിയണൽ ഓഫീസുകൾപോലെ നിലനിറുത്തേണ്ടതു നിലനിറുത്തുകയും ഇതുപോലെ ആവശ്യമില്ലാത്തവ കാലതാമസം കൂടാതെ വരുത്തണമെന്നുള്ള ഒരൊറ്റ ഉദ്ദേശത്തിൽ ആ പണിക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ളവ നിറുത്തലാക്കുകയും ചെയ്യുന്നതിനെപ്പറ്റി ഒന്നു് അന്വേഷിക്കുമോ; അല്ലെങ്കിൽ എല്ലാ ഓഫീസുകളുടെ കാര്യത്തിലെന്നപോലെ ഒരന്വേഷണം നടത്തി ഇതു നിക്കുന്നതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. ആർ. ശങ്കർ: ഞാൻ പറഞ്ഞു, സ്പെഷ്യലാഫീസർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനമാണു് മുഖ്യമായിട്ടു പഠിച്ചുവരുന്നതു്. എന്നാൽ കഴിഞ്ഞകൊല്ലം നിയമിച്ച ഉദ്യോഗസ്ഥൻ ഈ ചെലവുചുരുക്കലിനെ സംബന്ധിച്ച സാമാന്യമായി എല്ലാ ഡിപ്പാർട്ടുമെന്റുകളും പരിശോധിച്ചു് ആവശ്യത്തിലധികം ഉദ്യോഗസ്ഥന്മാർ എവിടെയാണുള്ളതെന്നു അന്വേഷണം നടത്തുന്നുണ്ടു്. അദ്ദേഹത്തിന്റെ പല റിപ്പോർട്ടുകളും ലഭിച്ചുകഴിഞ്ഞു. കുറെയൊക്കെ നടപ്പിൽവരുത്തിക്കഴിഞ്ഞു. അവസാന ഉത്തരവുകളാകാൻ ചിലതുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഗവണ്മെന്റിനു ഇക്കാര്യത്തിൽ ഒരു പൊതുനയം ഇല്ലാത്തതുകൊണ്ടു് അതാതുവകുപ്പു് കൈകാര്യം ചെയ്യുന്ന മന്ത്രിമാർ അവക്കുവേണ്ട ഉദ്യോഗസ്ഥന്മാക്കു് ഉന്നതപദവി നൽകുന്നതിനുവേണ്ടി ഈ മാതിരി തസ്തികകൾ സൃഷ്ടിക്കുകയാണു് എന്നുള്ളതു് ഒന്നു പരിശോധിച്ചു വേണ്ടതുചെയ്യുമോ?

ശ്രീ. ആർ. ശങ്കർ: ആ ഇൻസിനുവേഷൻ ശരിയാണെന്നു തോന്നുന്നില്ല. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു് വളരെ വലിയ ഒരു ഡിപ്പാർട്ടുമെന്റാണു്. ഈ സംസ്ഥാനത്തെ വരവിൽ മൂന്നിലൊന്നു് ആ വകുപ്പിനുവേണ്ടി ചെലവാകുന്നുണ്ടു്. ഏതാണ്ടു് ഒരുലക്ഷത്തിഇരുപത്തിഅയ്യായിരത്തോളം അദ്ധ്യാപകരും ഏതാണ്ടു് പതിനായിരത്തിൽപരം സ്ഥാപനങ്ങളും ഉണ്ടു്. അതുകൊണ്ടു് അത്രയും രേണാരം മറെറാരു ഡിപ്പാർട്ടുമെന്റിനും വരികയില്ല, ഒരു ഡിപ്പാർട്ടുമെന്റു് എന്നു പറഞ്ഞാൽ അതിനു് വളരെ വളരെ അന്തരമുണ്ടെന്നുള്ളതു മറക്കരുതു്.

Mechanised boat കളുടെ വിതരണം

* 527. [11] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം എത്ര Mechanised boat മീൻപിടുത്തക്കാക്കു് വിതരണം ചെയ്തിട്ടുണ്ടു്;

(ബി) ആക്കൊക്കെയാണു് കൊടുത്തതു്?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 51.

(ബി) ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

ശ്രീ. എം. സി. ഏബ്രഹാം: യന്ത്രവൽകൃതബോട്ടുകളും എത്രയെണ്ണം മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾക്കു് കൊടുത്തിട്ടുണ്ടു്; ഏതു വ്യക്തികൾക്കു കൊടുത്തിട്ടുണ്ടു്?

* Appendix III.

LIBRARY ARCHIVES Kerala Legislative Assembly